# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗം

547 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വിശദമാക്കാമോ ;

(ബി) 2013 ജനുവരി 31 വരെ മൊത്തം ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) 2012-2013 വർഷത്തെ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് ചെയ്ത റവന്യൂ കളക്ഷന്റെ എത്ര ശതമാനം ഇതുവരെ കളക്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

കേന്ദ്രത്തിൽ നിന്നും അനുവദിച്ച പ്രത്യേക സാമ്പത്തിക സഹായം

548 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ച് കിട്ടുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം ഘട്ടത്തിൽ എത്ര വീതം സാമ്പത്തിക സഹായത്തിനായി അഭ്യർത്ഥന നടത്തുകയുണ്ടായി; ഓരോന്നിലും എത്ര വീതം സഹായം ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ബഡ്ജറ്റ് പ്രസംഗത്തിലെ നിർദ്ദേശങ്ങത നടപ്പിലാക്കൽ

549 ശ്രീ. എ. എം ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അവതരിപ്പിച്ച ആദ്യ ബഡ്ജറ്റ് പ്രസംഗത്തിലെ എല്ലാ നിർദ്ദേശങ്ങളും പൂർണ്ണമായും നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകൾ ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ അവശേഷിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ബഡ്ജറ്റിലെ മുൻഗണനാ പരിപാടികൾക്ക് വകയിരുത്തിയ തുകകളിൽ നടപ്പു വർഷം ചെലവ് വന്നിട്ടില്ലാത്തവ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും നടപ്പിലാക്കാൻ സാധിക്കാത്തവ എന്തൊക്കെയാണെന്ന് വകുപ്പ് തിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

2012-13 സാമ്പത്തിക വർഷത്തെ റവന്യൂ വരുമാനം

550

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ ഇതുവരെ ലഭിച്ച റവന്യൂ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ സാമ്പത്തിക വർഷത്തിൽ നാളിതുവരെ ലഭിച്ചതിൽ നിന്ന് എത്ര ശതമാനം കൂടുതലാണെന്ന് വ്യക്തമാക്കാമോ; ഇത് സ്വാഭാവിക വർദ്ധനയിൽ കുറവാണോ;

(സി) കുറവാണെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം</u>

551

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ച വരുമാനം ഏതെല്ലാം സ്രോതസ്സുകളിലൂടെ എത്ര കോടി രൂപ വീതമായിരുന്നു; എത്ര തുക വീതം ഓരോ സ്രോതസ്സിൽ നിന്നും ലഭിക്കുകയുണ്ടായി;

(ബി) പ്രതീക്ഷിച്ച വരുമാനത്തിൽ ഏറ്റവും കുറവുണ്ടായത് ഏത് സ്രോതസ്സിലാണ്; അതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതേ കാലയളവിൽ കേന്ദ്ര സർക്കാരിൽ നിന്നും ഏതെല്ലാം ഇനത്തിൽ എന്തു തുക പ്രതീക്ഷിക്കുകയുണ്ടായി; ലഭിച്ച തുക എത്രയാണ്; വിശദമാക്കാമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വിവിധ വകുപ്പുകൾക്കായി അനുവദിക്കപ്പെട്ടതും ചെലവാക്കപ്പെട്ടതുമായ തുക</u>

552 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷം ഓരോ വകുപ്പിനും ബഡ്ജറ്റിലൂടെ ചെലവഴിക്കാനായി അനുവദിച്ച തുക എത്ര വീതമായിരുന്നു; ഇതുവരെയുള്ള കണക്കുകൾ പ്രകാരം ഓരോ വകുപ്പും ചെലവഴിച്ച തുക എത്രയാണ്; വ്യക്തമാക്കുമോ;

(ബി) ഓരോ വകുപ്പിനും ലഭിച്ച വിഹിതം എത്ര വീതമായിരുന്നു; അവയിൽ ചെലവഴിക്കപ്പെട്ടത് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര സംസ്ഥാന വിഹിതത്തിൽ ഓരോ വകുപ്പും ചെലവാക്കാൻ കഴിയാതെ ലാപ്സാക്കിയ തുക എത്ര വീതമാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന ധനകാര്യമന്ത്രിമാരുടെ യോഗം</u>

553 ശ്രീ. കെ. അച്ചുതൻ
,, വി.റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ
,, ആർ സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ബഡ്ജറ്റിനു മുന്നോടിയായി വിളിച്ചുചേർത്ത സംസ്ഥാന ധനകാര്യമന്ത്രിമാരുടെ യോഗത്തിൽ ആവശ്യപ്പെട്ട കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് മെഗാ പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം സഹായമാണ് അഭ്യർത്ഥിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാന പദ്ധതികളുടെ ആവിഷ്ക്കരണം സംബന്ധിച്ച് ആവശ്യപ്പെട്ട നിർദ്ദേശങ്ങൾ വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തിനുള്ള കേന്ദ്ര സഹായം ഉയർത്താനും വിഹിതം ആനുപാതികമായി വർദ്ധിപ്പിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ബഡ്ജറ്റ് വിഹിതം</u>

554 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ 2011-12, 2012-13 സാമ്പത്തികവർഷങ്ങളിലെ ബഡ്ജറ്റ് വിഹിതം എത്ര ശതമാനം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ ഇനംതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആയതിൽ ഓരോ നിയമസഭാ നിയോജകമണ്ഡലത്തിലും പൊതുമരാമത്ത് പ്രവൃത്തിക്ക് ചെലവഴിച്ച തുകയുടെ കണക്ക് വെവ്വേറെ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ബഡ്ജറ്റ് നിർദ്ദേശങ്ങളിലെ പൂർത്തിയാകാത്ത പദ്ധതികൾ

555 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12,2012-13 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇതുവരെ പൂർണ്ണമായും നടപ്പിലാക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ബഡ്ജറ്റ് പ്രസംഗങ്ങളിലെ പുതിയ പ്രഖ്യാപനങ്ങളിൽ ഇനിയും പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കാതെ വന്നവ ഏതൊക്കെയാണ്; ഭരണാനുമതി മാത്രം നല്കിയവ ഏതൊക്കെ;

(സി) ഏതെങ്കിലും ബഡ്ജറ്റ് നിർദ്ദേശം നടപ്പിലാക്കേണ്ടതില്ലെന്ന് പിന്നീട് തീരുമാനിക്കുകയുണ്ടായോ; എങ്കിലതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ഓവർ ഡ്രാഫ്റ്റ്</u>

556 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തികവർഷം ഇതുവരെ സംസ്ഥാനം എത്ര ദിവസം ഓവർ ഡ്രാഫ്റ്റിലായി എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ദിവസം വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുക്കുകയുണ്ടായി; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>വിദേശ ഏജൻസികളിൽ നിന്നും സംഘടനകളിൽ നിന്നും വായ്പ</u>

557 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വിദേശ ഏജൻസികളിൽ നിന്നും സംഘടനകളിൽ നിന്നും ഏതൊക്കെ തീയതികളിൽ എത്ര തുക വീതം ഏതെല്ലാം ആവശ്യങ്ങൾക്കായി കടം എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കടങ്ങൾ തിരിച്ചടക്കേണ്ടതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വായ്പകൾ</u>

558 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനം എത്ര കോടി രൂപ കേന്ദ്ര സർക്കാർ വഴി വിവിധ ഏജൻസികളിൽ നിന്നും വായ്പ എടുത്തുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം എടുത്ത വായ്പ ഏതൊക്കെ പദ്ധതികൾക്കാണ് വിനിയോഗിച്ചതെന്നും ആയതിൽ മൂലധന നിക്ഷേപമായി എത്ര കോടി രൂപ വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ കേരളത്തിന് എത്ര കോടി രൂപയുടെ വായ്പാ ബാധ്യതയുണ്ടെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

വിവിധ വകുപ്പുകൾ ചെലവഴിച്ച പദ്ധതിവിഹിതം

559 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തികവർഷം ഓരോ വകുപ്പുകൾക്കും എന്തു തുക വീതമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്;

(ബി) വകയിരുത്തപ്പെട്ട തുകയിൽ 2013 ജനുവരി 31 വരെ എന്തു തുക ചെലവഴിക്കുകയുണ്ടായി: ഓരോ വകുപ്പിന്റെയും പദ്ധതി വിഹിതത്തിൽ 2013 ജനുവരി 31 വരെ ചെലവായ തുകയുടെ ശതമാനം എത്ര വീതമാണെന്ന് വിശദമാക്കുമോ;

(സി) 2013 ജനുവരി 31 വരെ 2012-13-ലെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ച തുക എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

വിവിധ വകുപ്പുകൾ ചെലവഴിച്ച ബഡ്ജറ്റ് വിഹിതം

560 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷം ഓരോ മന്ത്രിയുടെയും കീഴിലുള്ള വകുപ്പുകൾക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം എത്ര വീതമായിരുന്നു ;

(ബി) ഇതിൻ പ്രകാരം അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം വീതം 2013 ജനുവരി 31 വരെ ചെലവഴിക്കുകയുണ്ടായി ;

(സി) ഓരോ മന്ത്രിയുടെയും വകുപ്പുകളിൽ കീഴിൽ 2012 -2013 വർഷം പ്രതീക്ഷിച്ച മൊത്തം റവന്യൂ വരുമാനം എത്ര വീതമായിരുന്നു ; 2013 ജനുവരി 31 വരെ ലഭിച്ച വരുമാനത്തിൽ ടാർജറ്റിന്റെ എത്ര ശതമാനം നേട്ടം ഉണ്ടാക്കിയിട്ടുണ്ട് ;

(ഡി) 2012 - 2103 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊവിഷൻ എത്രയായിരുന്നു. അതിന്റെ എത്ര ശതമാനം 2013 ജനുവരി 31 വരെ ചെലവഴിക്കപ്പെട്ടു ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ട്രഷറി വഴി ചെലവഴിക്കപ്പെട്ട ബഡ്ജറ്റ് വിഹിതം

561 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തെ ഓരോ മന്ത്രിയും ചുമതല വഹിക്കുന്ന വകുപ്പുകൾക്കും അതിൻ കീഴിലുള്ള വിവിധ ഹെഡുകളിലായി പ്ലാനിലും നോൺ പ്ലാനിലുമായി അനുവദിക്കപ്പെട്ട മൊത്തം തുകയുടെയും 2013 ജനുവരി 31 വരെ പദ്ധതികളുടെയും പരിപാടികളുടെയും നിർവ്വഹണത്തിന് ട്രഷറി വഴി ചെലവഴിക്കപ്പെട്ട തുകയുടെയും കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ഓരോ വകുപ്പിനും ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ എത്ര ശതമാനം തുകയാണ് ട്രഷറി വഴി 31.01.2013 വരെ ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കേന്ദ്ര ധനകാര്യകമ്മീഷന്‍ സംസ്ഥാനങ്ങള്‍ക്ക്
അനുവദിക്കുന്ന വിഹിതം</u>

562 ശ്രീ. കെ. എം. ഷാജി
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, പി. കെ. ബഷീര്‍
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര ധനകാര്യകമ്മീഷന്‍ സംസ്ഥാനങ്ങള്‍ക്കനുവദിക്കുന്ന വിഹിതത്തില്‍ കുറവുണ്ടാകുന്നതിന്റെ കാരണങ്ങള്‍ പരിശോധിച്ചിട്ടുണ്ടോ ; എങ്കില്‍ വിശദമാക്കുമോ ;

(ബി) നിലവിലുള്ള മാനദണ്ഡത്തില്‍ മാറ്റം വേണമെന്ന് അഭിപ്രായമുണ്ടോ ; എങ്കില്‍ എപ്രകാരമുള്ള മാറ്റമാണ് ഗുണകരമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇവ പരിശോധിക്കുന്നതിനായി സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; എങ്കില്‍ സമിതി എന്തൊക്കെ കാര്യങ്ങളാവും പരിശോധിക്കുക എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കേന്ദ്ര സര്‍ക്കാരില്‍നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങള്‍</u>

563 ശ്രീ. പി.സി. വിഷ്ണുനാഥ്
,, ഐ.സി. ബാലകൃഷ്ണന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര സര്‍ക്കാരില്‍നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങള്‍ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തല്‍സമയം നല്‍കാന്‍ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഗുണഭോക്താക്കള്‍ക്ക് ആനുകൂല്യങ്ങള്‍ ലഭിക്കുന്നതിന് ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങള്‍ വിശദമാക്കുമോ;

(സി) അര്‍ഹതയുള്ള ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുവാനും കേന്ദ്രധനമന്ത്രാലയത്തിന്റെ വെബ്പോര്‍ട്ടലില്‍ ഉള്‍പ്പെടുത്താനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി വിവിധ വകുപ്പുകളുടെ ഓണ്‍ലൈന്‍ രജിസ്ട്രേഷന്‍ പൂര്‍ത്തിയാക്കാന്‍ നടപടികള്‍ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഇ) ഇതിനായി സ്വീകരിച്ചുവരുന്ന നടപടികള്‍ വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വ്യാജ മുദ്രപത്രങ്ങൾ</u>

564 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജ മുദ്രപത്രങ്ങൾ സംസ്ഥാനത്തു നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജ മുദ്രപത്രവുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ നിലവിലുണ്ട്; എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(സി) പ്രസ്തുത കേസ്സുകളിലെ അന്വേഷണം ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ഗൃഹശ്രീ പദ്ധതിപ്രകാരമുള്ള വീടുകൾ

565 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൃഹശ്രീ പദ്ധതിക്കായി എത്ര തുക ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്; എത്ര തുക ചെലവഴിക്കപ്പെട്ടിട്ടുണ്ട്; പൂർണ്ണമായി തുക ചെലവഴിച്ചിട്ടില്ലായെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ എത്ര വീടുകൾ വച്ച് നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ചെലവ് ചുരുക്കൽ നടപടി</u>

566 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖജനാവിൽ നിന്നും അനാവശ്യചെലവുകൾ ഒഴിവാക്കുന്നതിനും ചെലവ് ചുരുക്കുന്നതിനും ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് എപ്രകാരമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

## 2012-2013 സാമ്പത്തിക വർഷത്തെ ചെലവ്

567 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷം ചെലവഴിക്കുന്നതിന് നിയമസഭ പാസ്സാക്കിയ മൊത്തം തുക എത്രയായിരുന്നു; അതിൽ 2012 ഡിസംബർ 31 വരെ ചെലവഴിച്ച മൊത്തം തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) 2012-13 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ഇതുവരെ ചെലവഴിക്കപ്പെട്ട മൊത്തം തുക എത്ര;

(സി) നിയമസഭ പാസ്സാക്കിയ തുകയുടെ എത്രശതമാനം വർഷാവസാന കണക്കുപ്രകാരം ഇതുവരെ ചെലവഴിക്കുകയുണ്ടായി ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ട്</u>

568 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചു നടത്തേണ്ട പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുവാനുള്ള കാലതാമസം പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്</u>

569 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസനഫണ്ട് പ്രകാരം ഇതുവരെ എത്ര തുകയുടെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്;

(ബി) പല പ്രവൃത്തികൾക്കും ഇതുവരെ പ്രവർത്തനാനുമതി ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് പ്രവൃത്തികള്‍ക്ക് അനുവദിച്ചിട്ടുളള തുക</u>

570 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആറ്റിങ്ങല്‍ നിയോജക മണ്ഡലത്തില്‍ 2012-ല്‍ പൊതുമരാമത്ത് പ്രവൃത്തികള്‍ക്ക് ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) റോഡ്സ്, ബ്രിഡ്ജസ്, ബില്‍ഡിംഗ്സ് എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ആറ്റിങ്ങല്‍ നിയോജക മണ്ഡലത്തില്‍ പൊതുമരാമത്ത് പ്രവൃത്തികള്‍ക്ക് അനുവദിക്കപ്പെട്ടത് താരതമ്യേന ചെറിയ തുകയാണെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ എം എൽ. എ. ഫണ്ടിന്റെ വിനിയോഗം</u>

571 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13 വർഷത്തിൽ പാലക്കാട് ജില്ലയിൽ എത്ര രൂപയാണ് എം.എൽ.എ. ഫണ്ടിനത്തിൽ അനുവദിച്ചിട്ടുളളത്; മണ്ഡലം തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(ബി) എം.എൽ.എ. ഫണ്ട് യഥാസമയം ലഭിക്കാത്തതു കാരണം പല പ്രവൃത്തികളും പൂർത്തിയാക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>നാദാപുരം നിയോജകമണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ</u>

572 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാദാപുരം നിയോജകമണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചും ഇനി നടപ്പിലാക്കുവാനുള്ള പദ്ധതികളെക്കുറിച്ചും പഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ ഏതെങ്കിലും നടപ്പിലാക്കപ്പെട്ടിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

നിയോജകമണ്ഡലാസ്തി വികസന ഫണ്ട്

573 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച നിയമസഭാംഗങ്ങളുടെ നിയോജകമണ്ഡലാസ്തി വികസന ഫണ്ടിൽനിന്നും വകയിരുത്തിയതുപ്രകാരം ഇതിനകം എത്ര പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(ബി) ഇതിനകം ഓരോ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവർത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

വിവിധ പദ്ധതികൾക്കായി ചെലവഴിക്കപ്പെട്ട തുക

574 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താഴെപ്പറയുന്ന പദ്ധതികൾക്ക് 2011-12, 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഖജനാവിൽ നിന്നും എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(1) വിഴിഞ്ഞം തുറമുഖ പദ്ധതി
(2) സ്മാർട്ട് സിറ്റി പദ്ധതി
(3) കൊച്ചി മെട്രോ പദ്ധതി
(4) കണ്ണൂർ വിമാനത്താവളം
(5) ദേശീയ ജലപാത
(6) മലയോര വികസന അതോറിറ്റി

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും പൂർത്തീകരിക്കുന്നതിനു കണക്കാക്കുന്ന ചെലവ് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പ</u>

575 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എടുത്ത ദാരിദ്ര്യരേഖയ്ക്കു താഴെയുളള വിദ്യാർത്ഥികൾക്ക് പലിശ ഇളവ് നൽകിയ ഇനത്തിൽ ഖജനാവിൽ നിന്നും എന്ത് തുക ചെലവഴിക്കുകയുണ്ടായി;

(ബി) എത്ര വിദ്യാർത്ഥികൾക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുകയുണ്ടായി;

(സി) ബഡ്ജറ്റിലെ ഇത് സംബന്ധിച്ച പ്രഖ്യാപനം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റും കടാശ്വാസ സഹായവും

576 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ധന സംബന്ധമായ ഉത്തരവാദിത്വ നിയമത്തിൽ ചില ഭേദഗതികൾ സർക്കാർ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ലഭിച്ച മൊത്തം സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റും കടാശ്വാസ സഹായവും സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഇവ രണ്ടും നടപ്പു വർഷം എത്ര കോടി വീതം ലഭിക്കുമെന്നായിരുന്നു കരുതിയിരുന്നത്; ലഭിച്ചത് എത്ര കോടി; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി നടത്തിപ്പിന് ദേശീയ വികസന സമിതി യോഗ നിർദ്ദേശങ്ങൾ

577 ശ്രീ. എം. എ. ബേബി
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എം. ചന്ദ്രൻ
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി നടത്തിപ്പിന് അധികവിഭവം കണ്ടെത്താനുള്ള പ്രധാന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ദേശീയ വികസന സമിതി യോഗത്തിൽ ഇതു സംബന്ധിച്ചുണ്ടായ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) ജീവിതചെലവ് വർദ്ധിപ്പിക്കാനിടയാക്കുന്ന നിർദ്ദേശങ്ങളെ സംസ്ഥാനം എതിർക്കുകയുണ്ടായോ; സംസ്ഥാനങ്ങളുടെ എന്തെല്ലാം അവകാശങ്ങൾ നഷ്ടപ്പെടുന്നതാണ് സമിതി യോഗത്തിലെ നിർദ്ദേശങ്ങൾ;

(സി) പഞ്ചവത്സര പദ്ധതിയുടെ ഓരോ വാർഷിക പദ്ധതിയിലും എത്ര കോടി രൂപ വീതം അധികമായി സമാഹരിക്കേണ്ടി വരുമെന്ന് കരുതുന്നു; വിശദമാക്കാമോ;

(ഡി) കഴിഞ്ഞ വാർഷിക പദ്ധതിയിലും ഈ വർഷത്തെ വാർഷിക പദ്ധതിയിലും നികുതി വർദ്ധന എത്ര കോടി വീതമായിരുന്നു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

കഴിഞ്ഞ പത്തു വർഷത്തെ ശമ്പള-പെൻഷൻ ചെലവുകൾ

578 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ മൊത്തം ആഭ്യന്തര വരുമാനത്തിന്റെ ശതമാന കണക്കിൽ കഴിഞ്ഞ പത്തു വർഷത്തെ ശമ്പള-പെൻഷൻ ചെലവുകൾ തരംതിരിച്ച് ലഭ്യമാക്കുമോ;

(ബി) സംസ്ഥാന സർക്കാരിന്റെ മൊത്തം ചെലവിന്റെ ശതമാന കണക്കിൽ കഴിഞ്ഞ 10 വർഷത്തെ ശമ്പള പെൻഷൻ ചെലവുകളുടെ കണക്ക് പ്രത്യേകം പ്രത്യേകമായി നൽകാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി
അടങ്കൽ വിഹിതം

579 ശ്രീ. സി.കെ.സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തെ ആകെ പദ്ധതി അടങ്കലിന്റെ എത്ര ശതമാനമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കി വെച്ചത്;

(ബി) ധനകാര്യ കമ്മീഷൻ തീർപ്പു പ്രകാരം എത്ര ശതമാനമാണ് നീക്കി വെയ്ക്കേണ്ടത്?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

**സിമന്റിൽ നിന്നുള്ള നികുതി വരുമാനം**

580 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്തുവർഷമായി സിമന്റ് വിലയിലുണ്ടായ വർദ്ധനവിന്റെ ഫലമായി നടപ്പുസാമ്പത്തികവർഷം നികുതിയിനത്തിൽ ലഭിച്ച അധിക വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) സിമന്റ് വില വർദ്ധിച്ചപ്പോൾ വില കുറയ്ക്കുന്നതിനായി നികുതി ഇനത്തിൽ കുറവു വരുത്തിയിട്ടുണ്ടോ;എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

സംസ്ഥാന സർക്കാർ ജീവനക്കാരുടെ അനിശ്ചിതകാല പണിമുടക്ക്

581 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ജി. സുധാകരൻ
,, റ്റി. വി. രാജേഷ്
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരും അദ്ധ്യാപകരും 2013 ജനുവരി 8 മുതൽ നടത്തിയ അനിശ്ചിതകാല പണിമുടക്കിന്റെ ഭാഗമായി ജനുവരി 13 ന് ബഹു: മുഖ്യമന്ത്രിയും ബഹു: ധനകാര്യ വകുപ്പ് മന്ത്രിയും സംഘടനാ നേതാക്കളുമായി നടത്തിയ ഒത്തുതീർപ്പ് ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ചർച്ചയിൽ സർക്കാർ സംഘടനകൾക്ക് നൽകിയ ഉറപ്പുകൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത ഉറപ്പുകൾ നടപ്പിലാക്കുന്നതിന് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ഡി) ഇതു സംബന്ധമായി ഇതിനകം ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(എഫ്) ഇല്ലെങ്കിൽ ഉറപ്പുകൾ പാലിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ ഉത്തരവ്</u>

582 ശ്രീ. അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്താൻ ഉത്തരവിറങ്ങിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഏതെല്ലാം ജീവനക്കാർക്കാണ് പ്രസ്തുത പദ്ധതി ബാധകമാകുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കേന്ദ്രത്തിന്റെ എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം സ്റ്റേജുകളായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് മൂലം ഉണ്ടാകുന്ന അധിക ധനബാധ്യതയെത്രയെന്ന് വിശദമാക്കുമോ;

(എഫ്) സ്റ്റാറ്റ്യൂട്ടറി പെൻഷൻകാരുടെ നിലവിലുള്ള അവകാശങ്ങൾ അതേപടി നിലനിർത്തുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജർ</u>

583 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുമ്പോൾ 'ഫണ്ട് മാനേജർമാരുടെ' കൂട്ടത്തിൽ ട്രഷറികളെ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി എന്നുമുതൽ സർവ്വീസിൽ പ്രവേശിക്കുന്നവർക്കാണ് ബാധകമാകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗം ജീവനക്കാരുടെ മാത്രം പെൻഷൻ പ്രായം ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

പങ്കാളിത്ത പെൻഷൻ പുന:പരിശോധന

584 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ സർക്കാർ എടുത്ത നിലപാട് പുന:പരിശോധിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

585 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ കോപ്പികൾ ലഭ്യമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുമ്പോൾ സംസ്ഥാന സർക്കാരിന് പ്രതിവർഷം എത്ര രൂപ അധിക ബാധ്യതയായി വരും; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ഡയസ്നോൺ

586 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പണിമുടക്കുമായി ബന്ധപ്പെട്ട് ഡയസ്നോൺ ഇനത്തിൽ 2009, 2010, 2011 വർഷങ്ങളിൽ ആകെ എത്ര തുകയാണ് കുറവ് ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>2012-13 സാമ്പത്തിക വര്‍ഷം പ്രതീക്ഷിക്കുന്ന സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം</u>

587 ശ്രീ.സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012-13 സാമ്പത്തിക വര്‍ഷം പ്രതീക്ഷിക്കാവുന്ന സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം എത്ര കോടി രൂപയാണ്; പ്രധാനമായും ഏതെല്ലാം സ്രോതസുകളിലൂടെയാണ് പ്രസ്തുത വരുമാനം പ്രതീക്ഷിക്കുന്നത്; മൊത്തം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണ് നികുതികള്‍ വഴി ലഭിക്കുമെന്ന് കരുതുന്നത്;

(ബി) സംസ്ഥാനത്തിന്റെ 2012-13 ല്‍ പ്രതീക്ഷിക്കുന്ന മൊത്ത റവന്യൂ ചെലവ് എത്രയാണ്; പ്രധാനമായും ഏതെല്ലാം ഇനത്തിലാണ് റവന്യൂ ചെലവ്; ഓരോ ഇനത്തിലും എത്ര ശതമാനം വീതം; വ്യക്തമാക്കാമോ;

(സി) മൊത്തം റവന്യൂ ചെലവിന്റെ എത്ര ശതമാനമാണ് ശമ്പള ഇനത്തിനും പെന്‍ഷനും വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുളളത്;

(ഡി) നടപ്പു വര്‍ഷം മൂലധന ചെലവ് എത്ര കോടിയായിരിക്കുമെന്നാണ് കണക്കാക്കിയിട്ടുളളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ റവന്യൂ കമ്മി നിജപ്പെടുത്തുന്നത്</u>

588 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക ഉത്തരവാദിത്ത നിയമം അനുശാസിക്കുന്ന പ്രകാരം പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ റവന്യു കമ്മി ആഭ്യന്തര ഉത്പാദനത്തിന്റെ എത്ര ശതമാനമായി നിജപ്പെടുത്തേണ്ടതുണ്ട്;

(ബി) 2011-12 വർഷത്തിലെ ലക്ഷ്യം എത്രയാണ്; നിജപ്പെടുത്തുവാൻ സാധിച്ചത് എത്രയാണ്; 2012-13ൽ ലക്ഷ്യം എത്ര; നിജപ്പെടുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നത് എത്രയാണ്;

(സി) ആഭ്യന്തര ഉത്പാദനവുമായി ബന്ധപ്പെടുത്തിക്കൊണ്ടുളള റവന്യൂ കമ്മി സംബന്ധിച്ച കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് ശരിയാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ കടബാദ്ധ്യത</u>

589 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം രൂപം കൊണ്ടതിന് ശേഷം 2011 മാർച്ച് 31 വരെ സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത എത്ര കോടി രൂപയായിരുന്നു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര കോടി കടം എടുക്കുകയുണ്ടായി;

(സി) മൊത്തം കടബാദ്ധ്യതയുടെ എത്ര ശതമാനം തുകയാണ് ഈ സർക്കാരിന്റെ കാലത്ത് എടുത്തതെന്ന് വിശദമാക്കാമോ;

(ഡി) 2011-2012, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര കോടി വീതം കടം എടുക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവാദം ാങ്ങിയിട്ടുണ്ടായിരുന്നു; ഇതിൽ മുൻ വർഷം എത്ര കോടി കടമെടുത്തു; നടപ്പു വർഷം എടുത്ത കടം എത്രയാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കേന്ദ്രസർക്കാരിൽ നിന്നുള്ള സാമ്പത്തികസഹായം</u>

590 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേന്ദ്ര സർക്കാരിൽ നിന്ന് പ്രത്യേക സാമ്പത്തികസഹായം അനുവദിച്ചു കിട്ടുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വിവിധ പദ്ധതികൾക്കായി ഓരോന്നിലും എന്തു തുക വീതം സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ പുറത്തിറക്കിയ കടപ്പത്രങ്ങള്‍</u>

591 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റെടുക്കുമ്പോള്‍ ഖജനാവില്‍ എത്ര തുക മിച്ചമുണ്ടായിരുന്നു; ആയത് ഇപ്പോള്‍ എത്രയായി; വ്യക്തമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം എത്ര തുകയുടെ കടപ്പത്രമാണ് പുറത്തിറക്കിയത്; ഇതിന് റിസര്‍വ്വ് ബാങ്കിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇപ്രകാരം കടപ്പത്രം മുഖേന ലഭിക്കുന്ന തുക ഏതൊക്കെ ആവശ്യങ്ങള്‍ക്കാണ് വിനിയോഗിക്കുന്നത്; ഈ കടപ്പത്രത്തിന്റെ പലിശയും കാലയളവും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ഫിനാൻസ് പ്രൊഫൈൽ അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റ്</u>

592 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2004-05 മുതൽ 2012-13 വരെയുള്ള സംസ്ഥാനത്തിന്റെ ഫിനാൻസ് പ്രൊഫൈൽ അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സാമ്പത്തിക ഉത്തരവാദിത്വ നിയമം</u>

593 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ വരുമാന ടാർജറ്റ് എത്രയായിരുന്നു; വരുമാനത്തിൽ എത്ര ശതമാനം വളർച്ചയുണ്ടായി; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തിന്റെ പ്രതീക്ഷിത ചെലവ് എത്രയായിരുന്നു; ചെലവിൽ കുറവുണ്ടായോ; എങ്കിൽ ഏത് മേഖലയിലാണ് ചെലവ് ചെയ്യാതിരുന്നിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) സാമ്പത്തിക ഉത്തരവാദിത്വ നിയമത്തിൽ 2012-13-ൽ റവന്യൂകമ്മി എത്ര ശതമാനം കുറയ്ക്കുമെന്നായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്; എത്ര ശതമാനം ചെലവ് കുറച്ചിട്ടുണ്ട്; ഏതെല്ലാം ഇനത്തിൽ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ഏതെല്ലാം വർഷങ്ങളിൽ എത്ര ശതമാനം റവന്യൂ-ധനകമ്മി കുറയ്ക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>ധനകാര്യ കമ്മീഷന്‍</u>

594 ശ്രീ. ഷാഫി പറമ്പില്‍
,, കെ. ശിവദാസന്‍ നായര്‍
,, വി. ഡി. സതീശന്‍
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 14-ാം ധനകാര്യ കമ്മീഷനു മുമ്പില്‍ സംസ്ഥാനത്തിന്റെ ആവശ്യങ്ങള്‍ അറിയിക്കാന്‍ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക സമിതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(സി) ധനകാര്യ കമ്മീഷന്റെ മാനദണ്ഡങ്ങളില്‍ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെടാന്‍ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കില്‍ എന്തെല്ലാം മാറ്റങ്ങളാണ് ആവശ്യപ്പെടാന്‍ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പാ പലിശ</u>

595 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവായ്പാ പലിശ ഇളവു ചെയ്യുന്നതിന് സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വിദ്യാഭ്യാസ വായ്പാ വ്യവസ്ഥകൾ ഇളവു ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാൻ നടപടി</u>

596 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ക്ഷേമ പെൻഷനുകൾ പ്രതിമാസം എത്ര രൂപയായിരുന്നു;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ക്ഷേമ പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിച്ചത് ;

(സി) ക്ഷേമ പെൻഷനുകൾ ആയിരം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

### റവന്യൂ വരുമാനം

597 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച നേടാനായിട്ടുണ്ടോ;

(ബി) 2012 ഡിസംബർ 31 വരെ പ്രതീക്ഷിച്ച വാർഷിക വരുമാനത്തിന്റെ എത്ര ശതമാനം പിരിച്ചെടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഇത് ഊർജ്ജിതപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>മൂലധനച്ചെലവും നികുതിയും</u>

598 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂലധനച്ചെലവ് നടപ്പുവർഷം ജനുവരി 15 വരെ എത്ര കോടി രൂപയായിരുന്നു; കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപയായിരുന്നു; വ്യക്തമാക്കുമോ;

(ബി) സാമൂഹ്യക്ഷേമ പെൻഷനുകൾ ജനുവരിവരെയുള്ള ഗഡുക്കൾ നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; ആയതിനായി നടപ്പുവർഷം ജനുവരി 31 വരെ ചെലവഴിച്ച തുക എത്ര;

(സി) വിലക്കയറ്റം പിടിച്ചു നിർത്താൻ വിപണിയിൽ ഇടപെടുന്നതിന് 2013 ജനുവരി 15 വരെ എന്ത് തുക ചെലവഴിച്ചു;

(ഡി) 2013 ജനുവരി 15 വരെ നികുതിയിനത്തിൽ ഏറ്റവും കൂടുതൽ തുക സമാഹരിക്കുവാൻ കഴിഞ്ഞ വകുപ്പ് ഏതെന്നും എത്ര തുക നികുതിയിനത്തിൽ ഇതേവരെ സമാഹരിച്ചുവെന്നും വ്യക്തമാക്കുമോ?

(ഇ) ഈ വർഷം ഇതേവരെ കടപത്രത്തിലൂടെ എത്രകോടി രൂപ സമാഹരിച്ചു; വ്യക്തമാക്കുമോ;

(എഫ്) 2013 ജനുവരി15 ആയപ്പോൾ സംസ്ഥാനത്തിന്റെ പൊതു കടം എത്രയായി വർദ്ധിച്ചു; അതിനാൽ, സംസ്ഥാനത്തിന്റെ പ്രതിശീർഷ കടം എത്രയായി എന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

2012 - 2013 സാമ്പത്തിക വർഷം വികസന കാര്യങ്ങൾക്കായി ഓരോ വകുപ്പിനും വകയിരുത്തിയ തുകയുടെ വിശദാംശം

599 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 - 2013 സാമ്പത്തിക വർഷം വികസന കാര്യങ്ങൾക്കായി ഓരോ വകുപ്പിനും എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) വകയിരുത്തപ്പെട്ട തുകയിൽ 2013 ജനുവരി വരെ എത്ര തുക ചെലവഴിച്ചു ; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ;

(സി) നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് മന്ദഗതിയിലായിരിക്കുന്നത് എന്തുകൊണ്ട് ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

2012 - 2013 വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ

600 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 - 2013 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ എല്ലാ നിർദ്ദേശങ്ങളും പൂർണ്ണമായും നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ബി) നടപ്പിലാക്കാൻ അവശേഷിക്കുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഏതൊക്കെ ; ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ടവയാണ് ;

(സി) ബഡ്ജറ്റിലെ മുൻഗണനാ പരിപാടികൾക്ക് വകയിരുത്തിയ തുകകളിൽ ചെലവ് വന്നിട്ടില്ലാത്തവ ഏതൊക്കെ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

## നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ്

601 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്ത് വാർഷിക പദ്ധതിയിൽ നിന്നും നാളിതുവരെ ചെലവഴിക്കപ്പെട്ട തുക എത്ര; വിശദമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ, തനത് പദ്ധതികൾ എന്നിവയിൽ നിന്നും ചെലവഴിക്കപ്പെട്ട തുക എത്രയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

സംസ്ഥാനത്തിന്റെ വരവു ചെലവു കണക്കുകൾ

602 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സംസ്ഥാന സ്രോതസുകളിലൂടെയുള്ള കേരളത്തിന്റെ മൊത്ത വരുമാനം എത്രയാണ്;

(ബി) ഇനം തിരിച്ച് കഴിഞ്ഞ പത്തു വർഷത്തെ കണക്ക് ലഭ്യമാക്കാമോ;

(സി) സംസ്ഥാന സർക്കാരിന്റെ മൊത്ത വരുമാനത്തിന്റെ എത്ര ശതമാനമാണ് ശമ്പളം, പെൻഷൻ എന്നീ ഇനത്തിൽ കഴിഞ്ഞ പത്തു വർഷങ്ങളായി ചെലവഴിക്കുന്നത്;

(ഡി) ഓരോ വർഷത്തേയും കണക്ക് പ്രത്യേകമായി ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ഭക്ഷ്യധാന്യ സബ്സിഡിക്കുള്ള ബഡ്ജറ്റ് വിഹിതം

603 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോർ, ത്രിവേണി സ്റ്റോർ, നീതി സ്റ്റോർ എന്നിവിടങ്ങളിലൂടെയുള്ള ഭക്ഷ്യധാന്യ സബ്സിഡിക്ക് 2011 -2012, 2012-2013 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ എത്ര തുക വീതമാണ് വകയിരുത്തിയിരുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിൽ എത്ര ചെലവഴിച്ചു എന്ന് വിശദമാക്കുമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ഭക്ഷേയധാന്യ സബ്സിഡിക്കായി മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് 5 വർഷം ആകെ എത്ര തുക വകയിരുത്തിയിരുന്നു ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ട്

604 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിടം, രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ലൈബ്രറികൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, സ്വാശ്രയ കാർഷിക വിപണികൾക്ക് കെട്ടിടം ഫർണിച്ചറുകൾ എന്നീ പ്രവർത്തികൾക്ക് എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>അമിതപലിശ നിരോധനം</u>

605 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമിതപലിശ ഈടാക്കുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത ഇടപാട് നടത്തുന്ന സ്വകാര്യ വ്യക്തികൾക്കെതിരെ എത്ര കേസ്സുകൾ നിലവിൽ ഉണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>പുതുതായി എയിഡഡ് സ്കൂളുകൾ അനുവദിക്കാനുള്ള നിർദ്ദേശത്തിൽ ധനകാര്യ വകുപ്പിന്റെ നിലപാട്</u>

606 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എയിഡഡ് സ്കൂളുകൾ അനുവദിക്കാനുള്ള നർദ്ദേശം വിദ്യാഭ്യാസ വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിന് ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയൊക്കെ എത്ര സ്കൂളുകളാണ് എയ്ഡഡ് ആയി ആരംഭിക്കുന്നതിനുള്ള നിർദ്ദേശമുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശം ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി ആവർത്തന ചെലവും അനാവർത്തന ചെലവുമായി പ്രതിവർഷം എന്ത് തുക സർക്കാർ ചെലവുപ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശത്തിന് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഈ നിർദ്ദേശത്തിൽ ധനകാര്യ വകുപ്പിന്റെ നിലപാടെന്താണെന്ന് വിശദമാക്കുമോ;

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>വിൽപന നികുതി വരുമാനം</u>

607 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷം വിൽപ്പന നികുതിയിനത്തിൽ ലഭിച്ച വരുമാനം എത്രയായിരുന്നു;

(ബി) പ്രസ്തുത ഇനത്തിൽ കുടിശികയായി എത്ര രൂപ ലഭിക്കുവാനുണ്ട്;

(സി) കുടിശിക ഇനത്തിലെ തുക അടിയന്തിരമായി പിരിച്ചെടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>മദ്യവില്പന നികുതി</u>

608 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ജനുവരി മുതൽ 2012 ഡിസംബർ വരെ മദ്യ വിൽപന നികുതിയിൽ നിന്നും ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക മുൻവർഷത്തേതിൽ നിന്നും എത്ര അധികമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

പെട്രോൾ ഡീസൽ വില വർദ്ധന

609 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര തവണ പെട്രോൾ - ഡീസൽ വിലവർദ്ധനയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അവസരങ്ങളിൽ കൂട്ടിയ വിലയുടെ വിൽപന നികുതി വേണ്ടെന്ന് വെച്ചിട്ടുള്ളത് എപ്പോഴെല്ലാം; വിശദമാക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>നികുതി വരുമാനം</u>

610 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ ചെക്ക് പോസ്റ്റുകൾ വഴി പിരിച്ചെടുത്ത തുകയും മുൻസർക്കാരിന്റെ അവസാന വർഷം പിരിച്ചെടുത്ത തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) സ്വാഭാവിക വർദ്ധനയ്ക്കുപുറമേ നേട്ടം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഇനങ്ങളിലാണ് പ്രധാനമായും നികുതിയുടെ കുറവുണ്ടായിരിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വാറ്റ് നിരക്ക് വർദ്ധന</u>

611 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു വർഷം വാറ്റിലെ പൊതു നിരക്കുകൾ 4, 12.5 എന്നീ നിരക്കുകളിൽ നിന്നും 5 ഉം 13.5 ഉം ആയി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരുന്നുവോ;

(ബി) പ്രസ്തുത തീരുമാനം വഴി നടപ്പു വർഷം എത്ര തുക അധിക വരുമാനമായി പ്രതീക്ഷിക്കുകയുണ്ടായി;

(സി) 2013 ജനുവരി 31 വരെ അധികമായി പ്രതീക്ഷിച്ച ഇനത്തിൽ എന്തു തുക അധിക വരുമാനമായി ലഭിക്കുകയുണ്ടായി?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

നികുതി വരുമാനം സംസ്ഥാനങ്ങൾക്ക്
വിഭജിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ്
നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

612 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ ആകെയുള്ള നികുതി വരുമാനം സംസ്ഥാനങ്ങൾക്ക് വിഭജിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദാമാക്കുമോ ;

(ബി) കഴിഞ്ഞ മൂന്നു ധനകാര്യ കമ്മീഷന്റെ കാലയളവിൽ സംസ്ഥാനത്തിന് ലഭ്യമായ നികുതി വിഹിതം എത്ര ശതമാനം വീതം ആയിരുന്നുവെന്ന് അറിയിക്കുമോ ;

(സി) സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതം ഉറപ്പുവരുത്തുന്നതിന് പതിനാലാം ധനകാര്യ കമ്മീഷൻ മുമ്പാകെ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

2012-2013 സാമ്പത്തിക വർഷത്തെ അധിക –
വിഭവ സമാഹരണം

613 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷം അധിക വിഭവ സമാഹരണത്തിനായി ജനങ്ങളിൽ നിന്നും ഈടാക്കിയ നികുതി എത്ര കോടിയുടേതായിരുന്നു; വ്യക്തമാക്കുമോ?

(ബി) 2013 ആരംഭത്തിൽ ലക്ഷ്യമിട്ടതിൽ എന്ത് തുക അധിക വിഭവമായി ലഭിച്ചു; നടപ്പു സാമ്പത്തിക വർഷാവസാനം അത് എത്രയായിരിക്കുമെന്ന് കരുതുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സ്വകാര്യ വാഹനങ്ങളുടെ റോഡ് ടാക്സ് നിരക്കുകൾ</u>

614 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മോട്ടോർ കാറുകളുടെയും പ്രൈവറ്റ് സർവ്വീസ് വാഹനങ്ങളുടെയും റോഡ് ടാക്സ് നിർണ്ണയിക്കുന്നതിൽ വരുത്തിയ മാറ്റം എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) റോഡ് ടാക്സ് നിരക്ക് മറ്റ് സംസ്ഥാനങ്ങളുടേതുമായി ഏകീകരിക്കുന്നതിനായി, മാറ്റം വരുത്തുന്നതിലൂടെ തന്നാണ്ടിൽ പ്രതീക്ഷിച്ച അധികവരുമാനം എത്രയായിരുന്നു;

(സി) 2013 ജനുവരി 31 വരെ ലഭിച്ച അധിക വരുമാനതുക എത്ര;

(ഡി) മുൻവർഷത്തേതിനേക്കാൾ എന്ത് തുക സ്വാഭാവിക വർദ്ധനയിൽ കൂടുതൽ അധികവരുമാനമായി ലഭിച്ചു?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ നികുതി കുടിശ്ശിക</u>

615 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിൽപ്പന നികുതിയിനത്തിൽ സംസ്ഥാനത്ത് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക സംഖ്യ എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് തടസ്സങ്ങളായി നിൽക്കുന്നത് എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>പുകയില ഉത്പന്നങ്ങളുടെ നികുതി നിരക്ക് വര്‍ദ്ധിപ്പിച്ചതിലൂടെ ലഭിച്ച അധിക വരുമാനം</u>

616 ശ്രീ. എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യത്തിന്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

വിവിധ ഇനം പുകയില ഉത്പന്നങ്ങളുടെ നികുതി നിരക്ക് വര്‍ദ്ധിപ്പിച്ചതിലൂടെ നടപ്പു വര്‍ഷം എത്ര കോടിയാണ് അധിക വരുമാനമായി പ്രതീക്ഷിച്ചത്;2013 ജനുവരി 31 നകം എന്തു തുക പ്രസ്തുത ഇനത്തില്‍ ലഭിക്കുകയുണ്ടായി?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

വില്പനനികുതി ഇനത്തിൽ സമാഹരിച്ച തുക

617 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ വില്പന നികുതിയിലൂടെ സംസ്ഥാനം പ്രതീക്ഷിച്ച തുക എത്രയായിരുന്നു; ലഭിച്ചത് എത്രയാണ്; പ്രതീക്ഷിച്ചതിലും കുറവുണ്ടായോ; എങ്കിൽ എത്ര ശതമാനം; കൂടുകയുണ്ടായോ; എങ്കിൽ എത്ര;

(ബി) കഴിഞ്ഞ ഏഴ് വർഷത്തിൽ ഓരോ വർഷവും വില്പന നികുതിയിനത്തിൽ പ്രതീക്ഷിച്ചതും ലഭിച്ചതുമായ തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വില്പന നികുതി ഇനത്തിൽ ലഭിച്ച വരുമാനം</u>

618

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷം സ്വർണ്ണം, മദ്യം, കോഴി എന്നീ ഇനങ്ങളിൽ വില്പന നികുതി ഇനത്തിൽ ലഭിച്ച വരുമാനം എത്രയെന്ന് വിശദമാക്കാമോ;

(ബി) ഓരോ ഇനത്തിനും നടപ്പ് വർഷം ടാർജറ്റ് ചെയ്ത തുക എത്ര വീതമായിരുന്നു;

(സി) മുൻവർഷത്തേക്കാൾ എത്ര ശതമാനം വർദ്ധനയാണ് പ്രതീക്ഷിച്ചിരുന്നത്; ഓരോ ഇനത്തിലും എത്ര ശതമാനം വർദ്ധനയാണുണ്ടായത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ഇറച്ചിക്കോഴികളുടെ വിൽപന നികുതി</u>

619 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇറച്ചിക്കോഴികളുടെ വില്പന നികുതിയിൽ എത്ര പ്രാവശ്യം ഇളവുകൾ നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) 2013 ഫെബ്രുവരി 1 വരെ എത്ര രൂപ നികുതിയിനത്തിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെ എത്ര തുക ഈയിനത്തിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം നികുതി കുറഞ്ഞിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>സ്വർണ്ണപണയത്തിന്മേലുള്ള കാർഷിക വായ്പ</u>

620 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണ പണയത്തിന്മേൽ കാർഷിക വായ്പ നൽകുന്നതിന് പരിഗണിക്കുന്ന സ്ഥലവിസ്തൃതി കുറവ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിലെ കാർഷിക ചെലവിന്റെ അടിസ്ഥാനത്തിൽ വായ്പ പരിധി ഉയർത്തുന്നതു പരിഗണിക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

നബാർഡ് ധനസഹായമുള്ള പ്രവർത്തികൾ

621 ശ്രീ. പി.റ്റി.എ.റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് സമയ ബന്ധിതമായി ഉപയോഗപ്പെടുത്താത്തതിനാൽ നബാർഡ് എം.എൽ.എ മാർക്ക് കത്തുകൾ അയച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കിയില്ലെങ്കിൽ ഭാവിയിൽ പദ്ധതികൾ അനുവദിക്കില്ലെന്ന് നബാർഡ് എം.എൽ.എ മാരെ അറിയിച്ചിട്ടുണ്ടോ;

(സി) കെ.ഐ.ഡി.എഫ് -17 പൂനൂർ നരിക്കുനി റോഡിന് നബാർഡ് എന്നാണ് ആദ്യമായി അംഗീകാരം നൽകിയത്;

(ഡി) നബാർഡ് ധനസഹായമുള്ള പ്രവർത്തികളിൽ വരുന്ന കാലതാമസം ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തികൾ താമസിക്കുന്നത് മൂലമുണ്ടാവുന്ന കോസ്റ്റ് എസ്കലേഷൻ നബാർഡ് നൽകുന്നുണ്ടോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>ആയഞ്ചേരിയിൽ സബ് ട്രഷറി</u>

622 ശ്രീമതി. കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ആയഞ്ചേരിയിൽ സബ് ട്രഷറി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ആവശ്യമായ തീരുമാനം സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കാലിക്കറ്റ് സർവ്വകലാശാല കാമ്പസിൽ സബ്ട്രഷറി</u>

623 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല കാമ്പസിൽ ഒരു സബ്ട്രഷറി ആരംഭിക്കണമെന്നുള്ള ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയത് നടപ്പിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പുതിയ സബ്ട്രഷറി എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>പുതുതായി അനുവദിച്ച ട്രഷറികൾ</u>

624 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ട്രഷറികൾ അനുവദിച്ചിട്ടുണ്ട്;

(ബി) അവയിൽ എത്ര എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്;

(സി) ഇനി പ്രവർത്തനം ആരംഭിക്കുവാനുള്ള ട്രഷറികൾ ഏതെല്ലാമാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>

625 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനം ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടുണ്ടോ ; എങ്കിൽ ഏതു മാസങ്ങളിൽ ; എത്ര കോടി രൂപ വീതമെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ട്രഷറികൾ പൂട്ടേണ്ട അവസ്ഥ നിലവിലുണ്ടോ ;

(സി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം ഇനി എത്ര കോടി രൂപ നൽകാനുണ്ട് ; കോൺട്രാക്ടർമാർക്ക് ആകെ നൽകാനുള്ള തുക എത്രയാണ് ;

(ഡി) ട്രഷറി നിക്ഷേപം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ലോട്ടറിയിൽ നിന്നുള്ള വരുമാനം</u>

626 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ലോട്ടറിയിൽ നിന്നു ലഭിച്ച വരുമാനം എത്രയാണ് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ഇനത്തിൽ കഴിഞ്ഞ മുന്നു വർഷത്തെ കണക്കെടുത്താൽ എത്ര തുകയുടെ അധിക വരുമാനമാണ് ലഭ്യമായതെന്ന് വ്യക്തമാക്കുമോ ;

(സി) ലോട്ടറി വില്പന ഉപജീവന മാർഗ്ഗമായി തെരഞ്ഞെടുത്തിട്ടുള്ള കുടുംബങ്ങൾക്ക് ലോട്ടറിയിൽ നിന്നുള്ള വരുമാന വർദ്ധനവിന് ആനുപാതികമായി അതാതു വർഷം പ്രോത്സാഹന ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ലോട്ടറി നികുതി വരുമാനം</u>

627

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാരിന് വിവിധ ലോട്ടറികളിലൂടെ നികുതിയിനത്തിൽ 2011 ജനുവരി മുതൽ ഡിസംബർ വരെയും 2012 ജനുവരി മുതൽ ഡിസംബർ വരെയും ലഭിച്ചിട്ടുള്ള തുക എത്രയെന്ന് വാർഷികാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കേരള സംസ്ഥാന ഭാഗ്യക്കുറി</u>

628 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഭാഗ്യക്കുറി വകുപ്പിനെ മഹത്തായ ജീവകാരുണ്യ പ്രസ്ഥാനമാക്കി മാറ്റുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഭാഗ്യക്കുറികളാണ് ഇതിനായി തുടങ്ങിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ലോട്ടറിയുടെ ഘടനയിലും സമ്മാനത്തുകയിലും എന്തെല്ലാം മാറ്റങ്ങൾ വരുത്തുകയുണ്ടായി; വിശദമാക്കുമോ;

(ഡി) ലോട്ടറിയിൽ നിന്നുള്ള വരുമാനം ഏതെല്ലാം കാരുണ്യ പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

'കാരുണ്യ ലോട്ടറി' പദ്ധതിയിൽ നിന്നുള്ള ധനസഹായം

629 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി നടപ്പിലാക്കിയ ' കാരുണ്യ' ലോട്ടറിയിൽ നിന്നും ഇതുവരെ എത്ര തുക ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവരെ എത്ര രോഗികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്;

(സി) ഏതെല്ലാം രോഗങ്ങൾക്കാണ് സഹായം നൽകുന്നതെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ ഏന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) ശസ്ത്രക്രിയ വേണ്ട രോഗികളുടെ അപേക്ഷ ലഭിച്ചതിനു ശേഷം നടക്കുന്ന ശസ്ത്രക്രിയക്ക് മാത്രം ധനസഹായം ലഭ്യമാക്കുകയുള്ളൂ എന്ന് വ്യവസ്ഥയുണ്ടോ;

(ഇ) അടിയന്തിര സാഹചര്യങ്ങളിൽ നടക്കുന്ന ശസ്ത്രക്രിയകളെ ഇതിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) സ്വകാര്യ ആശുപത്രികളെ ചികിൽസക്കായി തിരഞ്ഞെടുത്തതിൽ ട്രസ്റ്റുകൾ നടത്തുന്ന ഡയാലിസിസ് സെന്ററുകളെയും ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) അടിയന്തിരഘട്ടങ്ങളിൽ അന്യസംസ്ഥാനത്ത് നടത്തപ്പെടുന്ന ചികിൽസക്കും പ്രസ്തുത ആനുകൂല്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കാരുണ്യ ഫണ്ട്</u>

630 ഡോ. എന്‍.ജയരാജ്
ശ്രീ. റോഷി അഗസ്റ്റിന്‍
ശ്രീ.പി.സി.ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് ഫണ്ട് നിലവില്‍ വന്നതിനുശേഷം ഇതുവരെ നിര്‍ദ്ധനരായ എത്ര രോഗികള്‍ക്ക് എത്ര തുകയുടെ ധനസഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫണ്ടില്‍ നിന്ന് നിലവില്‍ ഏതെല്ലാം രോഗങ്ങള്‍ക്കാണ് ചികിത്സാ ധനസഹായം നല്‍കിവരുന്നത്;

(സി) ഭാരിച്ച ചികിത്സാ ചെലവുകള്‍ വഹിക്കേണ്ടി വരുന്ന ഇതര രോഗങ്ങള്‍ക്കു കൂടി കാരുണ്യ ബെനവലന്റ് ഫണ്ടില്‍ നിന്ന് ധനസഹായം നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലന്റ് പദ്ധതി</u>

631 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം അടിയന്തിര ചികിത്സ തേടേണ്ടിവരുന്ന ഹൃദ്രോഗികൾക്ക് ആദ്യ ഘട്ടം മുതൽ പ്രയോജനം ലഭിക്കത്തക്ക നിലയിൽ ആവശ്യമായ പരിഷ്ക്കരണ ഉത്തരവ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കാരുണ്യ ഭാഗ്യക്കുറി</u>

632 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഭാഗ്യക്കുറിയുടെ അറ്റാദായയിനത്തിൽ എത്ര കോടി രൂപ സമാഹരിക്കുവാൻ ഇതുവരെ കഴിഞ്ഞു; ആയതിൽനിന്ന് ഇതുവരെ എത്ര കോടി രൂപ വിവിധ രോഗികൾക്കായി അനുവദിച്ചു; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ചികിത്സ തുടങ്ങുംമുമ്പ് സഹായത്തിന് അപേക്ഷ നൽകണമെന്ന വ്യവസ്ഥയുള്ളതിനാൽ അടിയന്തിര ചികിത്സയ്ക്കും ശസ്ത്രക്രീയകൾക്കും വിധേയരാകുന്നവർക്ക് പ്രസ്തുത ലോട്ടറിയിൽനിന്നുള്ള ചികിത്സാ സഹായം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽ അടിയന്തിരഘട്ടങ്ങളിൽ ചികിത്സ തേടുന്നവർക്ക് ചികിത്സ സഹായം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് കാരുണ്യയിലെ പരമാവധി തുകയായ രണ്ട് ലക്ഷത്തിൽനിന്ന് 70,000/- രൂപ കുറച്ചാണ് നൽകുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ചികിത്സാ ചെലവ് കൂടുതൽ വേണ്ടിവരുന്ന രോഗികൾക്ക് ഇത് ബുദ്ധിമുട്ടുണ്ടാക്കുന്നുയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കാരുണ്യ ലോട്ടറിയിൽനിന്നുള്ള ചികിത്സാ നടപടിക്രമങ്ങൾ സുതാര്യവും വേഗതയുള്ളതുമായി മാറ്റുവാൻ നിലവിലെ വ്യവസ്ഥകൾക്ക് സമൂലമാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(എഫ്) കാരുണ്യ ഡയാലിസിസ് സെന്ററിന് എത്ര തുക അനുവദിച്ചു; എപ്രകാരമുള്ള ആശുപത്രികളെയാണ് ഇത്തരം സെന്ററിന് തെരഞ്ഞെടുക്കപ്പെടുന്നത്; എന്നുമുതൽ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ജി) കാരുണ്യ ഹോമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര കോടി രൂപ അനുവദിച്ചു; എന്നുമുതൽ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; എത്ര കൂട്ടിരിപ്പുകാർക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകുമെന്ന വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

കാരുണ്യ ചികിത്സാ പദ്ധതി പ്രകാരമുള്ള ധനസഹായം

633 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ കാരുണ്യ ലോട്ടറിയുടെ വിറ്റുവരവിൽ നിന്നും എന്തു തുക ലാഭമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ കാരുണ്യ ചികിത്സാ പദ്ധതിയിലേക്ക് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; ഇതിൽ എത്രപേർ സഹായധനത്തിന് അർഹരാണ്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രോഗികൾക്ക് മുഴുവൻ ധനസഹായവും ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളവരും ഇതുവരെ ആനുകൂല്യം ലഭിക്കാത്തവരുമായ എത്ര രോഗികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) കാരുണ്യ പദ്ധതി പ്രകാരം ചികിത്സാ ചെലവിനായി ഇതുവരെ എത്ര രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കാരുണ്യ ഭാഗ്യക്കുറിയുടെ കണക്കുവിവരം</u>

634 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഭാഗ്യക്കുറി മുഖാന്തിരം ഇതുവരെ എത്ര കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്; എത്ര കോടി രൂപയുടെ ലാഭം ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) എത്ര രോഗികൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്; ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ;

(സി) ഇനി എത്ര അപേക്ഷകൾ ധനസഹായം നൽകുന്നതിന് ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന് എത്ര രൂപ വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

കാരുണ്യ പദ്ധതി പ്രകാരമുള്ള
ഡയാലിസിസ് സെന്ററുകൾ

635 ശ്രീ. എൻ.എ.നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതി പ്രകാരമുള്ള എത്ര ഡയാലിസിസ് സെന്ററുകൾ എവിടെയെല്ലാം ആരംഭിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, എന്നീ ജില്ലകളിൽ എത്ര സെന്ററുകളാണുള്ളത്;

(സി) തെക്കൻ ജില്ലകളെ അപേക്ഷിച്ച് വടക്കൻ ജില്ലകളിൽ സെന്ററുകളുടെ എണ്ണത്തിൽ കുറവുവന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ഭാഗ്യക്കുറി ഏജന്റുമാർ

636 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാഗ്യക്കുറി വകുപ്പിന് 2012-13 സാമ്പത്തിക വർഷം ജനുവരി 15 വരെ എത്ര തുക വിറ്റുവരവ് ഇനത്തിൽ ലഭ്യമായി; സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ തുക എത്ര വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ലോട്ടറി വിൽപ്പനയിലൂടെ എത്ര കോടി ലഭിച്ചു; വ്യക്തമാക്കുമോ;

(സി) നടപ്പു വർഷം ഭാഗ്യക്കുറിയിൽ നിന്നും ലാഭവും, നികുതി വരുമാനവുമായി എത്ര കോടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു; ജനുവരി 15 വരെ ഈയിനത്തിൽ എത്ര തുക നേടി; വിശദമാക്കുമോ ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം ഭാഗ്യക്കുറിയിൽ നിന്നുള്ള ലാഭവും, നികുതി വരുമാനവും എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ എത്ര കുടുംബങ്ങൾ ഭാഗ്യക്കുറി വകുപ്പിനെ ആശ്രയിച്ചു കഴിയുന്നു; വ്യക്തമാക്കുമോ?

(എഫ്) നടപ്പ് സാമ്പത്തിക വർഷം എത്ര പേർ ഭാഗ്യക്കുറിയിൽ ഏജന്റ്മാരായി ജോലി ചെയ്യുന്നു; കഴിഞ്ഞ സാമ്പത്തിക വർഷം എത്ര പേരായിരുന്നു; വ്യക്തമാക്കുമോ;

(ജി) ഭാഗ്യക്കുറി ഏജന്റ്മാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി മുഖേന നടപ്പു വർഷം ഇതു വരെ എന്ത് തുക ധനസഹായമായി നൽകി; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു;

(എച്ച്) അന്യസംസ്ഥാനത്തിലെ ചില ഏജന്റ്മാർ ലോട്ടറി ടിക്കറ്റുകൾ ഒരുമിച്ച് വാങ്ങുന്നതു കാരണം സംസ്ഥാനത്തിലെ ചില ഏജന്റ്മാർക്ക് ലോട്ടറി ടിക്കറ്റുകൾ വിൽപ്പനയ്ക്ക്

ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ;

(ഐ) ഭാഗ്യക്കുറി ടിക്കറ്റുകളുടെ അച്ചടി ഇപ്പോൾ എത്ര ലക്ഷമായി നിജപ്പെടുത്തിയിരിക്കുന്നു; ആയത് അടുത്ത സാമ്പത്തിക വർഷം മുതൽ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലന്റ് ഫണ്ട് പ്രകാരം</u>
<u>സ്വകാര്യാശുപത്രിയിലെ ചികിത്സാ സഹായം</u>

637 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് ധനസഹായപ്രകാരം സ്വകാര്യ ആശുപത്രികളിൽ ചികിത്സിക്കുന്നവർക്കും സഹായം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്വകാര്യ ആശുപത്രികളാണ് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ഏതൊക്കെ ചികിത്സ നടത്തുന്നതിലേക്കാണ് ധനസഹായം നൽകുന്നത്; വിശദാംശം അറിയിക്കുമോ;

(സി) ഇതുവരെ എത്ര ലക്ഷം രൂപയാണ് സ്വകാര്യ ആശുപത്രികൾക്ക് ചികിത്സാ ആവശ്യത്തിലേക്കായി നൽകിയിട്ടുള്ളത്; ആശുപത്രിയുടെ പേർ, തുക എന്നിവ വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**06.02.2013-ലെ മറുപടിക്ക്**

<u>കാരുണ്യ പദ്ധതി</u>

638 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറിയിൽ നിന്നും ഇതുവരെ എത്ര തുക വരുമാനമുണ്ടായി എന്നറിയിക്കാമോ;

(ബി) മാരകരോഗചികിത്സയ്ക്ക് ഇതിൽ നിന്നും എത്ര ചെലവായി എന്നും എത്ര തുക ബാക്കിയുണ്ടെന്നും അറിയിക്കാമോ;

(സി) കാസർഗോഡ് ജില്ലയുടെ പ്രത്യേക സാഹചര്യംപരിഗണിച്ച് മംഗലാപുരത്തുള്ള പ്രധാന ആശുപത്രികളെ കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കാരുണ്യ ചികിത്സാ പദ്ധതി</u>

639 ശ്രീ. വി ചെന്താമരാക്ഷൻ
,, കെ. വി. അബ്ദുൾ ഖാദർ
ശ്രീമതി കെ. കെ. ലതിക
ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സാ പദ്ധതിയുടെ ഭാഗമായുള്ള ചികിത്സാ സഹായങ്ങൾ ലഭ്യമാക്കുന്ന രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പെട്ടെന്ന് രോഗം ബാധിച്ച് ആശുപത്രിയിലാവുകയും അടിയന്തിര ശസ്ത്രക്രിയയ്ക്ക് വിധേയരാവുകയും ചെയ്യേണ്ടിവന്ന പാവപ്പെട്ടവർക്ക് കാരൂണ്യ ചികിത്സാസഹായം ലഭിക്കാത്ത സാഹചര്യം അറിയാമോ ; അപേക്ഷ സംബന്ധിച്ച സങ്കീർണ്ണതകൾ നിർദ്ധനരായ രോഗികളെ ബുദ്ധിമുട്ടിലാക്കുകയാണെന്നറിയാമോ ;

(സി) കാരൂണ്യ ലോട്ടറി വഴി ഇതിനകം ലഭിച്ച വരുമാനവും ചികിത്സാ സഹായം നൽകാൻ ഇതിനകം ചെലവഴിച്ച തുകയും ബാക്കി നില്പും സംബന്ധിച്ച് വിശദമാക്കുമോ ; ഈ പണം യഥാസമയം പാവപ്പെട്ടവർക്ക് ചികിത്സാ സഹായമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കാരുണ്യ ചികിത്സാ സഹായത്തിനായി ലഭിച്ച അപേക്ഷയിൽ ഇനിയും തീർപ്പാക്കാനുള്ളവ എത്രയാണെന്നും അതിനായി വേണ്ടി വരുന്ന തുക എത്രയാണെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ഭാഗ്യക്കുറി വകുപ്പിൽ കൂടുതൽ ലെ ജീവനക്കാരെ നിയമിക്കാൻ നടപടി

640 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് പ്രതിദിന നറുക്കെടുപ്പ് ആരംഭിച്ചതുമുതൽ ഇതുവരെയുള്ള വിറ്റുവരവ് എത്രയാണെന്ന് പറയുമോ;

(ബി) ടിക്കറ്റ് വില്പന വർദ്ധിച്ചതിനെത്തുടർന്ന് ഏജന്റുമാർക്ക് ജില്ലാ ഭാഗ്യക്കുറി ആഫീസുകളിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏജന്റുമാരുടെ ഇടപാടുകൾ നിശ്ചിത സമയത്തിനുള്ളിൽ തീർപ്പാക്കുന്നതിനാവശ്യമായ ജീവനക്കാരുടെ അഭാവം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) ഏജന്റുമാരുടെ വർദ്ധനവും, അവരുടെ ഇടപാടുകൾ നടത്തിക്കൊടുക്കുന്നതിനാവശ്യമായ ജീവനക്കാരുടെ അഭാവവും ഒഴിവാക്കുന്നതിന് കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

## കാരുണ്യ ബെനവലന്റ് സ്കീം

641 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം ധനസഹായം കിട്ടുന്നതിന് എന്തെല്ലാം നടപടികളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കുമോ; മാർഗ്ഗരേഖ വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്ത് പ്രൈവറ്റും ഗവൺമെന്റും ആയി ഏതെല്ലാം ആശുപത്രികൾ ''കാരുണ്യ'' ബെനവലന്റ് സ്കീമിനായി സർക്കാർ അക്രഡിറ്റ് ആശുപത്രികളായി തെരഞ്ഞെടുത്തിരിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിൽ നാളിതുവരെ കാരുണ്യ ബെനവലന്റ് ഫണ്ടിനായി എത്ര അപേക്ഷ ലഭിച്ചു എന്നും എത്രയെണ്ണം തീരുമാനമാക്കി എന്നും വ്യക്തമാക്കുമോ; ധനസഹായത്തിന് പരിഗണിക്കാതെ തള്ളിയ അപേക്ഷകൾ ഏതെല്ലാം; ആരുടെയെല്ലാം അപേക്ഷകൾ ആണ് നിരസിച്ചതെന്ന് വ്യക്തമാക്കുമോ; അപേക്ഷകൾ നിരസിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) അടിയന്തിര സാഹചര്യത്തിൽ രോഗികൾക്ക് മുൻകൂർ അനുവാദം ലഭിച്ച് സഹായം ലഭിക്കാൻ എന്തെല്ലാം നടപടികളാണ് പാലിക്കേണ്ടതെന്ന് വിശദീകരിക്കുമോ;

(ഇ) കോഴിക്കോട് ജില്ലയിലെ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ചുമതലപ്പെട്ട ജില്ലാ സമിതിയിൽ അംഗങ്ങളായിട്ടുള്ളവർ ആരെല്ലാമെന്ന് പേരും മറ്റുവിവരങ്ങളും നൽകുമോ;

(എഫ്) ജില്ലാതല കമ്മിറ്റികൾ ചേരുമ്പോൾ നിയമസഭാ സാമാജികരെ കൂടി ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ;

(ജി) അപേക്ഷ നൽകി ജില്ലതല കമ്മിറ്റിയിൽ അംഗീകാരം ലഭിക്കുന്ന സമയത്തിന്റെ ഇടവേളയിൽ ശസ്ത്രക്രിയ കഴിഞ്ഞുപോയാൽ രോഗിക്ക് ആനുകൂല്യങ്ങൾ നഷ്ട

പ്പെടുമോ എന്നത് വ്യക്തമാക്കുമോ;

(എച്ച്) കോഴിക്കോട് ജില്ലയിൽ ഇതുവരെ ആനുകൂല്യം ലഭിച്ചവരുടെ പേര്/വിലാസം/ എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കാരുണ്യ ലോട്ടറി ചികിത്സാപദ്ധതി</u>
<u>വ്യവസ്ഥയിലെ അപാകത</u>

642 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യലോട്ടറി ചികിത്സാ പദ്ധതിയിൽ ചികിത്സ തുടങ്ങും മുൻപ് അപേക്ഷ നൽകണമെന്ന വ്യവസ്ഥ കാരണം അടിയന്തിര ചികിത്സയ്ക്കും ശസ്ത്രക്രിയയ്ക്കും വിധേയരാകുന്ന അനവധി പാവപ്പെട്ട രോഗികൾക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം നിഷേധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപാകത പരിഹരിച്ച് ചികിത്സാ സൗകര്യം പ്രസ്തുത വിഭാഗങ്ങൾക്കുകൂടി ലഭ്യമാക്കുന്നതിനുവേണ്ട അടിയന്തിര നടപടിയുണ്ടാകുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലെന്റ് ഫണ്ട് ഉപയോഗിച്ചുള്ള ധനസഹായം</u>

643 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലെന്റ് ഫണ്ട് ഉപയോഗിച്ച് എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവരെ എത്ര തുകയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) സ്വകാര്യ ആശുപത്രികളിൽ ചികിത്സ നടത്തുന്ന എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആളുകൾക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഇ) ഇതുവരെ ധനസഹായം നൽകിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലന്റ് പദ്ധതി</u>

644 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ഏതൊക്കെ രോഗികൾക്കാണ് ചികിത്സാ സഹായം ലഭിക്കുന്നത്; എത്ര രൂപ വരെ ലഭിക്കും; വിശദാംശം നൽകാമോ;

(ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് പ്രസ്തുത പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിക്ക് കീഴിൽ വരുന്ന കണ്ണൂർ ജില്ലയിലെ ആശുപത്രികൾ ഏതൊക്കെയാണ്?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കാരുണ്യ ധനസഹായ പദ്ധതിയുടെ</u>
<u>ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

645 ശ്രീ. സണ്ണി ജോസഫ്
,, പി. എ. മാധവൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ധനസഹായ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാനുള്ള വരുമാനം എങ്ങനെയാണ് സമാഹരിക്കുന്നത്; വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം രോഗങ്ങൾക്കാണ് പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം വിഭാഗക്കാർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നത് ;

(ഇ) ഏതെല്ലാം ആശുപത്രികളിൽ നിന്നാണ് പ്രസ്തുത ചികിത്സാ സൗകര്യം ലഭ്യമാകുന്നത്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

## കാരുണ്യ ബെനവലെന്റ് പദ്ധതിയിലൂടെ സഹായം

646 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറിയിലൂടെ ഇതുവരെ കാരുണ്യ ബെനവലെന്റ് സ്കീമിലേയ്ക്ക് എത്ര രൂപ ലഭിച്ചു; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ഇതുവരെ എത്ര രോഗികൾക്ക് സഹായം ലഭിച്ചു; ജില്ലതിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കീമിലൂടെ പരമാവധി എത്ര രൂപവരെ സഹായം അനുവദിക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ഡി) അടിയന്തിര ചികിത്സയ്ക്കും ശസ്ത്രക്രിയയ്ക്കും പ്രസ്തുത പദ്ധതിയിൽനിന്നും സഹായം അനുവദിക്കുന്നുണ്ടോ;

(ഇ) അപകടങ്ങൾ, ശസ്ത്രക്രിയകൾ തുടങ്ങിയ അടിയന്തിര ചികിത്സ ആവശ്യമായവർക്ക് സഹായം ലഭിക്കുന്നതിന് അപേക്ഷിക്കുവാൻ നിശ്ചിതസമയം നൽകാൻ നടപടിയുണ്ടാകുമോ; വിശദമാക്കുമോ;

(എഫ്) മറ്റു സംസ്ഥാനങ്ങളിൽ ചികിത്സ തേടുന്നവർക്ക് പ്രസ്തുത പദ്ധതിയിൽനിന്നും സഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇവർക്കുകൂടി സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

## സംസ്ഥാന ലോട്ടറികളുടെ വിറ്റുവരവ്

647 ശ്രീ. ബെന്നി ബെഹനാൻ
,, കെ. അച്ചുതൻ
,, ആർ. സെൽവരാജ്
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം സംസ്ഥാന ലോട്ടറികളുടെ വിറ്റുവരവ് എത്ര കോടി ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇപ്രകാരമുള്ള ലാഭം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അന്യ സംസ്ഥാന ലോട്ടറികൾ നിർത്തലാക്കിയതും വ്യാജ ലോട്ടറിക്കെതിരായ നടപടികളും വരുമാനം വർദ്ധിപ്പിക്കാൻ എത്രമാത്രം സഹായിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കാരുണ്യ പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായം</u>

648 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അസുഖങ്ങൾക്ക് ചികിത്സ തുടങ്ങും മുമ്പ് സഹായത്തിനായി അപേക്ഷിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; വിശദമാക്കുമോ ;

(ബി) അടിയന്തിര ചികിത്സയ്ക്കും ശസ്ത്രക്രിയകൾക്കും വിധേയരാവുന്നവർക്ക് കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ചികിത്സാ സഹായം നിഷേധിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ചികിത്സാ സഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുവാൻ നിശ്ചിത സമയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന ലോട്ടറി - വരുമാനം</u>

649 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ലോട്ടറികളാണ് ഇപ്പോൾ നിലവിലുള്ളത്;

(ബി) നിലവിലുള്ള ഏതെങ്കിലും ലോട്ടറികൾ നിർത്തലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം;

(സി) ലോട്ടറിയിൽ നിന്നും 2010-11, 2011-12 വർഷങ്ങളിലെ മൊത്ത വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ചികിത്സാ ധനസഹായം

650 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടിയന്തിര ചികിത്സയ്ക്കും ശസ്ത്രക്രിയയ്ക്കും വിധേയരാക്കുന്നവർക്ക് ചികിത്സ തുടങ്ങും മുൻപ് അപേക്ഷ നൽകണം എന്ന വ്യവസ്ഥ നിലനിൽക്കുന്നതിനാൽ കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ചികിത്സാ സഹായം നിഷേധിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വ്യവസ്ഥയിൽ മാറ്റം വരുത്തി അടിയന്തിര ശസ്ത്രക്രിയകൾ നടത്തേണ്ടി വരുന്ന സാഹചര്യങ്ങളിൽ അങ്ങനെയുള്ളവർക്കും സഹായം ലഭ്യമാക്കത്തക്കവിധം വ്യവസ്ഥകളിൽ മാറ്റം വരുത്തുമോ ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ യിലെ ഓഫീസ്</u>
<u>അറ്റന്‍ഡന്റ്മാരുടെ പ്രമോഷന്‍</u>

651 ശ്രീ. കെ.എം.ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.എഫ്.ഇ യിലെ ഓഫീസ് അറ്റന്‍ഡന്റ്മാരുടെ പ്രമോഷന്‍ അനുപാതം 5% ത്തില്‍ നിന്നും 10% ആയി ഉയര്‍ത്തുന്നതിനുള്ള ശുപാര്‍ശ പരിഗണനയില്‍ ഉണ്ടോ; എങ്കില്‍ അതിന്‍മേല്‍ അടിയന്തര തീരുമാനം എടുക്കുമോ;

(ബി) ഓഫീസ് അറ്റന്‍ഡന്റ്മാരെ തസ്തികമാറ്റം വഴി ജൂനിയര്‍ അസിസ്റ്റന്റായി നിയമിക്കുന്നതിന് എത്ര ഒഴിവുകള്‍ നിലവിലുണ്ട്; ജൂനിയര്‍ അസിസ്റ്റന്റിന്റെ എത്ര ഒഴിവുകള്‍ പി.എസ്.സി യ്ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ട്;

(സി) കെ.എസ്.എഫ്.ഇ യില്‍ ഓഫീസ് അറ്റന്‍ഡന്റിനെ ജൂനിയര്‍ അസിസ്റ്റന്റായി പ്രൊമോട്ട് ചെയ്യുന്നതിനുള്ള റാങ്ക് ലിസ്റ്റില്‍ ഉള്‍പ്പെട്ട എത്ര പേര്‍ക്ക് പ്രൊമോഷന്‍ നല്‍കാനുണ്ട്;എത്ര ഒഴിവുകള്‍ നിലവിലുണ്ട്?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>പുതുക്കുളത്ത് കെ.എസ്.എഫ്.ഇ. ശാഖ</u>

652 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൂതക്കുളം ഗ്രാമപഞ്ചായത്തിൽ പുതുതായി കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ അതിന്മേൽ അനുകൂല നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ചിതറ കെ. എസ്. എഫ്. ഇ. ശാഖ</u>

653 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ ചിതറ ടൗണിൽ കെ.എസ്.എഫ്.ഇ. യുടെ ഒരു പുതിയ ബ്രാഞ്ച് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

പറക്കോട് പുതിയ കെ.എസ്.എഫ്.ഇ. ശാഖ

654 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട പറക്കോട്ട് കെ.എസ്.എഫ്.ഇ.യുടെ പുതിയ ശാഖ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള നടപടി ക്രമങ്ങൾ വൈകുന്നതിനുള്ള കാരണം അറിയിക്കുമോ ;

(ബി) പ്രസ്തുത ശാഖ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യ സുരക്ഷയ്ക്കായി കെ.എഫ്.സി.
ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ</u>

655 ശ്രീ. വർക്കല കഹാർ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷയ്ക്കായി എന്തെല്ലാം പദ്ധതികളാണ് കെ.എഫ്.സി. ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം വിഭാഗങ്ങൾക്കാണ് പ്രസ്തുത പദ്ധതി അനുസരിച്ച് പ്രയോജനം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി അനുസരിച്ച് എന്തെല്ലാം തരത്തിലുള്ള വായ്പകളാണ് നൽകാനുദ്ദേശിക്കുന്നത്;

(ഡി) വായ്പകളും ഇളവുകളും സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സ്വകാര്യ പണമിടപാടുകാർക്കുള്ള നിയന്ത്രണം</u>

656 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമിത പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കുവാൻ നിലവിൽ ഉള്ള നിയമങ്ങൾ ഏതൊക്കെയാണ് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ വ്യക്തികൾ നടത്തുന്ന ബാങ്കുകൾക്ക് ലൈസൻസ് നൽകുന്നതിന് സർക്കാരിനു കീഴിൽ ഏതൊക്കെ ഏജൻസികളാണുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ഹൈക്കോടതിയിൽ സർക്കാർ കേസുകളിൽ</u>
<u>ഹാജരാകാത്ത കേസുകൾ ൾ</u>

657 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതിയിൽ സർക്കരിന്റെ കേസുകൾ പരിഗണനയ്ക്ക് വരുമ്പോൾ ഗവൺമെന്റിനുവേണ്ടി അഭിഭാഷകർ ഹാജരാകാത്തതുമൂലം കേസുകൾ അനന്തമായി നീളുകയോ സർക്കാരിനെതിരായി വിധിക്കപ്പെടുകയോ ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്രീമിലെയർ വിഷയവുമായി ബന്ധപ്പെട്ട ഹർജിയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സ്പെഷ്യൽ പ്ലീഡർ വാദത്തിനായി കോടതിയിൽ ഹാജരായില്ലെന്ന വസ്തുത അറിയുമോ;

(സി) എങ്കിൽ സ്പെഷ്യൽ പ്ലീഡർ ഹാജാരാകാതിരിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് ഹൈക്കോടതി അതൃപ്തി രേഖപ്പെടുത്തിയതും മുന്നറിയിപ്പ് നൽകിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇപ്രകാരം കോടതിയിൽ വാദത്തിന് ഹാജരാകുന്നതിൽ അനാസ്ഥ കാണിക്കുന്ന അഭിഭാഷകരെ ഒഴിവാക്കി പകരം അഭിഭാഷകരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ഭവനനിർമ്മാണ വായ്പ കുടിശ്ശിക

658 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഭവനനിർമ്മാണ വായ്പ കുടിശ്ശികയുള്ള ദുർബല-താഴ്ന്ന വിഭാഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ
സാമ്പത്തിക സ്ഥിതി

659 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ സാമ്പത്തിക സ്ഥിതിയിൽ മെച്ചമുണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ബോർഡ് നിലവിൽ നടപ്പിലാക്കിവരുന്ന ഭവനപദ്ധതികൾ എതൊക്കെയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ഭവനനിർമ്മാണ ബോർഡ് നിർമ്മിച്ച വീടുകൾ

660 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ൽ ഭവന നിർമ്മാണ ബോർഡ് ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്;

(ബി) ഭവനനിർമ്മാണ ബോർഡ് 2012 ൽ എത്ര പേർക്ക് പുതുതായി വീട് നർമ്മിച്ചു നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദമാക്കുമോ;

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

**<u>കോൺട്രാക്ടർമാർക്ക് കൊടുത്തു തീർക്കുവാനുള്ള തുക</u>**

661 ശ്രീ. സി.കെ.സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷം അവസാനിച്ച ദിവസം പൊതുമരാമത്ത് വകുപ്പും ജലവിഭവ വകുപ്പും കോൺട്രാക്ടർമാർക്ക് കൊടുത്ത് തീർക്കാനുണ്ടായിരുന്ന മൊത്തം തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2010-11 സാമ്പത്തിക വർഷം അവസാനിക്കുന്ന ദിവസം എത്രയായിരുന്നു;

(സി) 2013 ജനുവരി 31 ന് കോൺട്രാക്ടർമാർക്ക് കൊടുത്ത് തീർക്കാനുള്ള മൊത്തം തുക എത്രയാണ്?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ഭവനപദ്ധതിയും എം.എൻ ലക്ഷംവീട് നവീകരണ പദ്ധതിയും

662 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ നടപ്പിലാക്കിയ എം.എൻ ലക്ഷംവീട് നവീകരണ പദ്ധതിയും തുടരുന്നുണ്ടോ എന്നു വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി മുൻ സർക്കാർ ചിലവഴിച്ച തുക എത്രയാണെന്നും അതിനുവേണ്ടി ഈ സർക്കാർ ചിലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ഭവന പദ്ധതികളിൽ എന്തെല്ലാം നവീകരിച്ച ആശയങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാർക്ക് എച്ച്.ബി. എ അനുവദിക്കുന്നത്</u>

663 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ലഭ്യമാക്കുന്ന എച്ച്.ബി എയ്ക്ക് 2009-10, 2010-11, 2011-12 വർഷങ്ങളിൽ എത്ര അപേക്ഷകളാണ് ലഭിച്ചത്; എത്ര പേർക്ക് തുക അനുവദിച്ചു; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) എച്ച്.ബി.എയ്ക്ക് അപേക്ഷിക്കുന്നവർക്ക് അതാത് വർഷം തന്നെ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ചാലക്കുടി മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന കെട്ടിട നിർമ്മാണം

664 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>ഭവന നിർമ്മാണം</u>

665 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് ഭവനനിർമ്മാണ വകുപ്പ് മുഖേന എത്ര പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്; എത്ര പേർക്ക് ഫ്ളാറ്റ് നിർമ്മിച്ചുനൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

## ഹൗസിംഗ് ബോർഡിന്റെ പ്രവൃത്തികൾ

666 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ നഗര പ്രദേശങ്ങളിൽ കൂടുതൽ ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ബോർഡിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലാ ആസ്ഥാനത്തും വർക്കിംഗ് വുമൺ/മെൻ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>സാഫല്യം ഭവന പദ്ധതി</u>

667 ശ്രീ. എ. റ്റി. ജോര്‍ജ്
,, വര്‍ക്കല കഹാര്‍
,, പി. എ. മാധവന്‍
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാഫല്യം ഭവന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയില്‍ ഭേദഗതി വരുത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങളെന്തെല്ലാം;

(സി) സബ്സിഡി, തറവിസ്തീര്‍ണ്ണം എന്നിവ വര്‍ദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഭേദഗതിയില്‍ നിര്‍ദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങള്‍ ചെയ്യാനുദ്ദേശിക്കുന്നുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ഭവനനിർമ്മാണ പ്രോജക്ടുകൾ

668 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ
'' സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ പുതിയ ഭവനനിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുന്നുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാം സ്ഥലത്തെന്ന് വിശദമാക്കാമോ;

(സി) ബോർഡിന്റെ വർദ്ധിച്ചുവരുന്ന ഭരണ ചെലവുകൾക്ക് പണം എങ്ങനെ കണ്ടെത്തുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഉപഭോക്താക്കൾ വസ്തുവിനും വീടിനും നൽകുന്ന തുകയിൽ നിന്ന് ഭരണ ചെലവുകൾക്ക് പണം വിനിയോഗിക്കുന്നുണ്ടോ;

(ഇ) ഉപഭോക്താവിന്റെ താൽപര്യം സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>സായൂജ്യം ഭൂവികസന പദ്ധതി</u>

669 ശ്രീ. എം. എ. വാഹീദ്
,, ലൂഡി യൂയിസ്
,, ആർ. സെൽവരാജ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സായൂജ്യം ഭൂവികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ചെറിയ നഗരങ്ങളിലും ഗ്രാമങ്ങളിലും ഇടത്തരക്കാർക്ക് കുറഞ്ഞ വിലയ്ക്ക് പ്ലോട്ടുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിന്റെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതെങ്ങനെ;

(ഇ) പ്ലോട്ടുകൾ വാങ്ങുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഗുണഭോക്താൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?